(ബി) ശരാശരി 3530 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) ശരാശരി 3530

(ഡി) ലാഭവും നഷ്ടവുമില്ലാത്ത രീതിയിൽ ഓടിക്കുന്നതിനായി കിലോ മീറ്ററിന് 16 രൂപ എങ്കിലും ലഭിക്കേണ്ടതുണ്ട്. കിലോമീറ്ററിന് 10 രൂപ ലഭിക്കുന്നത് ആയിരത്തിനു താഴെ സർവ്വീസുകൾക്ക് മാത്രമാണ്.

(ഇ) ലാഭകരമല്ലാത്ത സർവ്വീസുകൾ സമയം പുനഃക്രമീകരിച്ചും പുതിയ റൂട്ടുകൾ കണ്ടെത്തിയും ലാഭകരമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ ലാഭം മാത്രം കണക്കിലെടുത്ത് ദേശസാൽകൃത മേഖലകളിൽ സർവ്വീസ് നടത്താൻ കഴിയുകയില്ല.

സുൽത്താൻ ബത്തേരി കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ പ്രവർത്തനം

116 (805) ശ്രീ. വർഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന എത്ര സർവ്വീസുകൾ രണ്ടായിരം ജനുവരി ഒന്നിന് ശേഷം നിറുത്തലാക്കിയിട്ടുണ്ട് ;

(ബി) രണ്ടായിരം ജനുവരി ഒന്നിന് ശേഷം സുൽത്താൻ ബത്തേരി ഡിപ്പോയിൽ നിന്നും നിറുത്തലാക്കുകയും സമയം മാറ്റി ഓടിക്കുകയും ചെയ്യുന്ന ഹ്രസ്വദൂര ദീർഘദൂര ബസ് സർവീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവ ഓരോന്നും എന്നു മുതലാണ് നിറുത്തലാക്കിയതെന്നും എന്നു മുതലാണ് സമയം മാറ്റി ഓടിക്കുന്നതെന്നും വിശദമാക്കാമോ ;

(ഡി) സുൽത്താൻ ബത്തേരി ഡിപ്പോയിൽ നിന്നും 2000 ജനുവരി ഒന്നിനുശേഷം എത്ര ഹ്രസ്വദൂര ദീർഘദൂര സർവ്വീസുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട് ; അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ഇ) സുൽത്താൻ ബത്തേരി ഡിപ്പോയിലെ പ്രതിദിന വരുമാനം 2001 ജനുവരിയിലെ കണക്കനുസരിച്ച് എത്ര രൂപയാണ് ; ഇത് 2000 ജനുവരിയിൽ എത്രയായിരുന്നു ;

(എഫ്) സുൽത്താൻ ബത്തേരി ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന ദീർഘദൂര ഹ്രസ്വദൂര സർവീസുകൾ നിറുത്തലാക്കിയതിന്റെ കാരണം വെളിപ്പെടുത്തുമോ; കളക്ഷൻ കുറഞ്ഞതാണ് കാരണമെങ്കിൽ കളക്ഷൻ കുറയ്ക്കാനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ജി) ദേശസാൽകൃത റൂട്ടായ സുൽത്താൻ ബത്തേരി കോഴിക്കോട് റൂട്ടിൽ പ്രൈവറ്റ് ബസുകൾക്ക് സ്പെഷ്യൽ പെർമിറ്റനുവദിച്ചതിനെതിരെ കെ. എസ്.ആർ. ടി. സി അധികൃതർ ഹൈക്കോടതിയിൽ കേസ് നൽകിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കെ. എസ്. ആർ. ടി. സി. സുൽത്താൻ ബത്തേരി കോഴിക്കോട് റൂട്ടിൽ കൃത്യമായി സർവ്വീസ് നടത്താത്തതുകൊണ്ട് യാത്രാക്ലേശം ഉണ്ടാകുന്നു എന്ന കാരണം കോടതിയിൽ ബോധിപ്പിച്ചത് പരിഗണിച്ചാണ് ഹൈക്കോടതി പ്രൈവറ്റ് ബസുകൾക്ക് സ്പെഷ്യൽ പെർമിറ്റ് അനുവദിക്കാൻ ഉത്തരവ് നൽകിയതല്ലെങ്കിൽ കൃത്യമായി യാത്രാക്ലേശമില്ലാത്ത വിധത്തിൽ ബത്തേരി-കോഴിക്കോട് റൂട്ടിൽ സർവീസുനടത്തുന്ന കാര്യം കെ. എസ്. ആർ. ടി. സി അധികൃതർ ഹൈക്കോടതിയിൽ ബോധിപ്പിക്കാത്തത് എന്തുകൊണ്ടായിരുന്നു ;

(ഐ) ദേശസാൽകൃത റൂട്ടായ കോഴിക്കോട് - വയനാട് റൂട്ടിൽ കെ. എസ്. ആർ. ടി. സി. യാത്രാക്ലേശം അനുഭവപ്പെടാത്ത വിധത്തിൽ കൃത്യമായി സർവ്വീസ് നടത്തുകയും ഇക്കാര്യം കോടതിയിൽ ബോധിപ്പിച്ച പ്രൈവറ്റ് ബസുകൾക്കനുവദിച്ചിട്ടുള്ള മുഴുവൻ സ്പെഷ്യൽ പെർമിറ്റുകളും റദ്ദുചെയ്തിച്ച് കെ. എസ്. ആർ. ടി. സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ബത്തേരിയിൽ നിന്നും രാവിലെ എട്ടു മുപ്പതിന് ആലപ്പുഴയ്ക്ക് ഒരു സർവ്വീസ് നടത്തിയിരുന്നത് 8-12-2000 മുതൽ നിറുത്തലാക്കിയിട്ടുണ്ട്.

(ബി&സി) 06.45 ബത്തേരി- കോതമംഗലം സർവ്വീസ്, 15.00 ബത്തേരി - ഗുരുവായൂർ സർവ്വീസായി 17-12-2000 മുതൽ സർവ്വീസ് നടത്തിവരുന്നു.

(ഡി) നിലവിൽ സർവ്വീസു നടത്താതിരുന്ന രണ്ടു ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് 14.30 ബത്തേരി - പയ്യന്നൂർ സർവീസായും, 15.00 ബത്തേരി ഗുരുവായൂർ സർവീസായും ഓടിക്കുന്നുണ്ട്. കൂടാതെ ബത്തേരി-കോഴിക്കോട് റൂട്ടിൽ രണ്ടു ചെയിൻ സർവീസുകളും രണ്ട് ടൗൺ ടു ടൗൺ സർവ്വീസുകളും ബത്തേരി യൂണിറ്റിൽ നിന്നും പുതുതായി തുടങ്ങിയിട്ടുണ്ട്.

(ഇ) 2001 ജനുവരി മാസത്തിൽ രണ്ടുലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി എഴുപത്തിമൂന്ന് രൂപയും 2000 ജനുവരി മാസത്തിൽ രണ്ടു ലക്ഷത്തി അൻപത്തി മൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തി എട്ടുരൂപയുമായിരുന്നു പ്രതിദിന വരുമാനം.

(എഫ്) സുൽത്താൻബത്തേരി ഡിപ്പോയിൽ നിന്നും ചില സർവ്വീസുകൾ വരുമാനം കുറവുകാരണം താൽക്കാലികമായി നിറുത്തലാക്കിയിട്ടുണ്ട്. വാഹനങ്ങളുടെയും ജീവനക്കാരുടെയും കുറവു നിമിത്തവും ചില ദിവസങ്ങളിൽ സർവ്വീസ് മുടങ്ങാറുണ്ട്.

(ജി) നൽകിയിരുന്നു.

(എച്ച്) സുൽത്താൻ ബത്തേരി-കോഴിക്കോട് റൂട്ടിൽ യാത്രാക്ലേശം പരിഹരിക്കത്തക്കരീതിയിലാണ് കെ. എസ്. ആർ. ടി. സി ഇപ്പോൾ ആ റൂട്ടിൽ സർവ്വീസ് നടത്തി വരുന്നത്. ഇക്കാര്യം കെ. എസ്. ആർ. ടി. സി. ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) കോഴിക്കോട്-വയനാട് റൂട്ടിൽ അനുവദിച്ചിട്ടുള്ള പ്രൈവറ്റ് ബസുകൾ ആ റൂട്ടിൽ നിന്നും ഒഴിവാക്കികൊടുക്കാൻ ബന്ധപ്പെട്ട ആർ. ടി. എ. മാർക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നെങ്കിലും, പ്രസ്തുത ഉത്തരവിനെതിരെ പ്രൈവറ്റ് ബസ് ഉടമകൾ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നതിനാൽ കോടതി നടപടികൾക്ക്ശേഷം മാത്രമേ കെ. എസ്. ആർ. ടി. സി. ക്ക് ഇതു സംബന്ധിച്ച് തുടർ നടപടി കൈക്കൊള്ളാൻ കഴിയുകയുള്ളു.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

117 (806) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ലാഭകരമാക്കാനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. യുടെ പ്രതിദിനവരുമാനവും ചെലവും എത്രയാണ് ; ഇപ്പോഴത്തെ ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം എത്രയാണ് ;

(സി) ഇപ്പോൾ ദിവസേന എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തു കൊണ്ടിരിക്കുന്നത് ;

(ഡി) ഷെഡ്യൂളുകൾ റദ്ദാക്കുന്നതുമൂലം കെ. എസ്. ആർ. ടി. സി. ക്ക് പ്രതിദിനം ഉണ്ടാകുന്ന നഷ്ടം എത്രയെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ലാഭകരമാക്കാനും ഈ സാമ്പത്തിക വർഷം 2001 ജനുവരി അവസാനംവരെ 622 പുതിയ ബസുകൾ കമ്മീഷൻ ചെയ്തു നിരത്തിലിറക്കുകയുണ്ടായി. കൂടാതെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാസർകോട്, കോഴിക്കോട് ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഷോപ്പിംഗ് കോപ്ലക്സുകളും പണിയാൻ ഉദ്ദേശിക്കുന്നു. ഇതു കൂടാതെ ഡ്രൈവർമാർക്ക് ഇന്ധനക്ഷമതയെ സംബന്ധിച്ചും കണ്ടക്ടർമാർക്ക് പൊതുജനങ്ങളോടുള്ള പെരുമാറ്റ രീതിയെ സംബന്ധിച്ചും മറ്റും വിശദമായ പരിശീലന പരിപാടികളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) 2001 ഫെബ്രുവരി മാസത്തെ ശരാശരി വരുമാനം ഒരുകോടി 61 ലക്ഷം രൂപയാണ്. ചെലവ് 2.05 കോടി രൂപയുമാണ്. 1999-2000 സാമ്പത്തികവർഷത്തെ കണക്കനുസരിച്ച് ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം, താൽക്കാലിക ജീവനക്കാരുൾപ്പെടെ 7:35 ആണ്.

(സി) ശരാശരി 3530 ഷെഡ്യൂളുകൾ.

(ഡി) ഷെഡ്യൂളുകൾ റദ്ദാക്കുന്നതുമൂലം വരുമാനത്തിൽ കാര്യമായ കുറവില്ല.

LIBRARY ARCHIVES Kerala Legislative Assembly